## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3776 — 26.06.2012-ൽ മറുപടിയ്ക്ക്

### ഗ്രാമപഞ്ചായത്ത് തലത്തിൽ സ്പോർട്സ് സൗകര്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സ്പോർട്സ് വികസനത്തിന് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തെല്ലാം കേന്ദ്ര, സംസ്ഥാന പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഗ്രാമീണമേഖലയിൽ സ്പോർട്സ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പാക്കുന്ന കേന്ദ്രപദ്ധതിയാണ് പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ.<br><br>ഗ്രാമ പ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സ്ബന്ധിച്ച ആഭിമുഖ്യം വളർത്തി രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും അതു വഴി കൂടുതൽ കായിക താരങ്ങളെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം നടപ്പിലാക്കുന്ന ഒരു കേന്ദ്ര സഹായ പദ്ധതിയാണ് 'പൈക്ക' എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ.<br><br>ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ കായിക പരിശീലനത്തിനും കളികൾ നടത്തുന്നതിനും ആവശ്യമായ നിശ്ചിത നിലവാരത്തിലുള്ള കളിസ്ഥലങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി തുടർച്ചയായ പരിശീലനം നൽകിയും ബ്ലോക്ക്/ജില്ല/സംസ്ഥാന തലങ്ങളിൽ കൃത്യമായി വാർഷിക മത്സരങ്ങൾ സംഘടിപ്പിച്ചുകൊണ്ടും മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>റൂറൽ കോച്ചിംഗ് സെന്ററുകൾ എന്ന പദ്ധതി പൂർണ്ണമായും സംസ്ഥാന പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി കൗൺസിൽ നേരിട്ട് നടത്തുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ചില പ്രത്യേക ഭൂവിഭാഗങ്ങളിൽ ചില പ്രത്യേക കളികൾക്കുള്ള പ്രചാരവും, ജനങ്ങൾക്കുള്ള ആഭിമുഖ്യവും, പ്രയോജനപ്പെടുത്തി കായികതാരങ്ങളെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതയുടെ ലക്ഷ്യം. ഇപ്രകാരം തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് രാവിലെയും, വൈകുന്നേരവും ഒരു ട്രെയിനറുടെ കീഴിൽ പരിശീലനം നൽകി വരുന്നു. |

2/

(ബ) ഇതിന് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖയനുസരിച്ച് 2012-13 മുതൽ ശേഷിക്കുന്ന 5 വർഷവും മൊത്തം ഗ്രാമ/ബ്ലോക്ക്/ പഞ്ചായത്തുകളുടെ 12% വീതം പൈക്കയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം കേരളത്തിൽനിന്ന് 2012-13 -ൽ 117 ഗ്രാമ പഞ്ചായത്തുകളും 18 ബ്ലോക്ക് പഞ്ചായത്തുകളും ഉൾപ്പെടുത്താവുന്നതാണ്. ഓരോ വർഷവും പൈക്കയിൽ ഉൾപ്പെടുത്തുന്നതിനായി താല്പര്യമുള്ള ഗ്രാമ/പഞ്ചായത്തുകളിൽ നിന്നും നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് പത്ര മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിയ്ക്കുകയും, അതനുസരിച്ച് ലഭിയ്ക്കുന്ന പൂർണ്ണമായ അപേക്ഷകൾ, പ്രാദേശിക സന്തുലിതാവസ്ഥ പാലിച്ചു കൊണ്ട് ജില്ലാടിസ്ഥാനത്തിൽ ലഭിയ്ക്കുന്ന മുറയ്ക്ക് മുൻഗണന നൽകിയുമാണ് ഉൾപ്പെടുത്താറുള്ളത്. ഓരോയിടത്തും ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള കളിയിനം, ജനങ്ങൾക്കേറ്റവും കൂടുതൽ അഭിരുചിയുള്ള കായികയിനം, ജനങ്ങളുടെ കായികക്ഷമത എന്നിവ പരിശോധിച്ചാണ് റൂറൽ കോച്ചിംഗ് സെന്റർ ആരംഭിക്കുന്നത്.

(സി) സ്പോർട്സ് കൗൺസിൽ മുഖേന ഗ്രൗണ്ടുകൾ നവീകരിക്കുന്നതിന് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പണം ലഭിക്കാത്തവയുണ്ടോ ;

(ഡി) എങ്കിൽ അവ ഉടനെ വികരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) & (ഡി) 2008-09 പൈക്കയിൽ തെരഞ്ഞെടുത്ത ഗ്രാമ/ബ്ലോക്ക്/പഞ്ചായത്തുകൾക്കനുവദിച്ച ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ്, ആന്വൽ ഓപ്പറേഷൽ ഗ്രാന്റ്, ആന്വൽ അക്വിസിഷൻ ഗ്രാന്റ് എന്നിവയുടെ ഒന്നാം ഗഡു ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റും, അനുബന്ധ രേഖകളും സമർപ്പിച്ചിട്ടില്ലാത്തവർക്ക് രണ്ടാം ഗഡു ഗ്രാന്റ് അനുവദിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദിഷ്ട രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അവർക്ക് അർഹമായ രണ്ടാം ഗഡു അനുവദിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ